**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2241** **21-06-2024 - ൽ മറുപടിയ്ക്ക്**

**അമൃതം പൊടിയുടെ ഗുണനിലവാരം ഉറപ്പ് വരുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീമതി ഉമ തോമസ്,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അങ്കണവാടിയിൽ കുട്ടികൾക്ക് പോഷകാഹാരമായി വിതരണം ചെയ്ത അമൃതം പൊടിയിൽ ചത്ത പല്ലിയെ കണ്ടെത്തിയ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | (എ) അമൃതം പൊടിയിൽ ചത്ത പല്ലിയെ കണ്ടെത്തിയ സംഭവം ഗൗരവത്തോടെ കാണുന്നു. ജില്ലകളിലെ പ്രോഗ്രാം ആഫീസർമാർ അന്വേഷണം നടത്തുകയും ബന്ധപ്പെട്ട കുടുംബശ്രീ യൂണിറ്റ് സന്ദർശിച്ച് ലാബ് പരിശോധനയ്ക്ക് നിർദ്ദേശം നല്കുകയും ചെയ്തു. താല്കാലികമായി യൂണിറ്റിന്റെ പ്രവർത്തനം നിർത്തിവയ്ക്കുകയും അപാകത പരിഹരിച്ച് ലാബ് പരിശോധന ഗുണമേന്മ ഫലം ലഭ്യമാക്കിയ ശേഷം മാത്രം പ്രവർത്തന അനുമതി നല്കിയിട്ടുണ്ട്. കൂടാതെ SOP പ്രകാരമാണോ പ്രവർത്തിക്കുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനായി ശിശു വികസന പദ്ധതി ആഫീസർമാരുടെയും സൂപ്പർവൈസർമാരുടെയും യൂണിറ്റ് സന്ദർശനം കർശനമാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | (ബി) അമൃതം പൊടിയിൽ ചത്ത പല്ലിയെ കണ്ടെത്തിയ സംഭവം ഗൗരവത്തോടെ കാണുന്നു. ജില്ലകളിലെ പ്രോഗ്രാം ആഫീസർമാർ അന്വേഷണം നടത്തുകയും ബന്ധപ്പെട്ട കുടുംബശ്രീ യൂണിറ്റ് സന്ദർശിച്ച് ലാബ് പരിശോധനയ്ക്ക് നിർദ്ദേശം നല്കുകയും ചെയ്തു. താല്കാലികമായി യൂണിറ്റിന്റെ പ്രവർത്തനം നിർത്തിവയ്ക്കുകയും അപാകത പരിഹരിച്ച് ലാബ് പരിശോധന ഗുണമേന്മ ഫലം ലഭ്യമാക്കിയ ശേഷം മാത്രം പ്രവർത്തന അനുമതി നല്കിയിട്ടുണ്ട്. കൂടാതെ SOP പ്രകാരമാണോ പ്രവർത്തിക്കുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനായി ശിശു വികസന പദ്ധതി ആഫീസർമാരുടെയും സൂപ്പർവൈസർമാരുടെയും യൂണിറ്റ് സന്ദർശനം കർശനമാക്കിയിട്ടുണ്ട്. |
| (സി) | അമൃതം പൊടിയുടെ ഗുണനിലവാരം ഉറപ്പ് വരുത്താൻ സ്വീകരിച്ച നടപടി വിശദമാക്കുമോ? | (സി) | (സി) അമൃതം പൊടിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് NABL അംഗീകാരമുള്ള |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ പ്രവർത്തിക്കുന്ന റീജിയണൽ അനലറ്റിക്കൽ ലബോറട്ടറികൾ മുഖേന സാമ്പിളുകൾ പരിശോധിക്കുന്നതിനായി നല്കി വരുന്നു. ശിശു വികസന പദ്ധതി ആഫീസർ, സൂപ്പർവൈസർ എന്നിവർ എല്ലാ മാസവും അമൃതം ന്യൂട്രിമിക്സ് യൂണിറ്റ് സന്ദർശിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കിവരുന്നുണ്ട്. യൂണിറ്റുകൾ അമൃതം ന്യൂട്രിമിക്സ് പ്രൊഡക്ഷൻ SOP പ്രകാരമാണോ പ്രവർത്തിക്കുന്നത് എന്ന് ഉറപ്പു വരുത്തി അല്ലാത്തപക്ഷം പ്രസ്തുത യൂണിറ്റുകളെ ന്യൂട്രിമിക്സ് യൂണിറ്റ് നിർമ്മാണത്തിൽ നിന്നും മാറ്റി നിർത്താറുണ്ട്. ഫുഡ് ആന്റ് സേഫ്റ്റി, കുടുംബശ്രീ, വനിതാ ശിശു വികസന വകുപ്പ് ഉദ്യോഗസ്ഥർ സംയുക്തമായി യൂണിറ്റുകൾ സന്ദർശിച്ച് ഗ്രേഡിംഗ് നടത്തുകയും എ. ബി. സി ഗ്രേഡുകൾ നല്കുകയും സി ഗ്രേഡിലെ യൂണിറ്റുകളെ താല്കാലികമായി പ്രവർത്തനത്തിൽ നിന്നും മാറ്റി നിർത്തുകയും യൂണിറ്റിന്റെ അപാകതകൾ പരിഹരിച്ച് മെച്ചപ്പെടുത്തുമ്പോൾ മാത്രം പ്രവർത്തന അനുമതി നൽകിവരുകയും ചെയ്യുന്നു. അങ്കണവാടിയിൽ ഇറക്കുന്ന ന്യൂട്രിമിക്സ് പാക്കറ്റുകളിൽ നിർമ്മാണ തീയതി, കാലഹരണപ്പെടുന്ന തീയതി എന്നിവ നോക്കി ഭക്ഷ്യ യോഗ്യമാണോയെന്ന് ഉറപ്പുവരുത്തുവാൻ അങ്കണവാടി പ്രവർത്തകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. യൂണിറ്റുകൾ ഫുഡ് ആന്റ് സേഫ്റ്റി/ആരോഗ്യ വകുപ്പ്/കുടുംബശ്രീ/വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ